# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1963 | 11.02.2020- ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര പുനർനിർമ്മാണ സഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഡി.കെ. മുരളി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തിന് പ്രളയാനന്തര പുനർനിർമ്മാണ സഹായമായി ലോക ബാങ്കിൽ നിന്നും വികസന വായ്പ അനുവദിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;<br><br>(സി) ഏതെല്ലാം മേഖലകളിലാണ് ഈ തുക വിനിയോഗിക്കുക എന്ന് വിശദമാക്കാമോ? | (എ)<br>(ബി)<br>&<br>(സി) | പ്രളയാനന്തര കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഈ തുകയിൽ 1133.07 കോടി രൂപ കൺസഷണൽ വായ്പയും 646.51 കോടി രൂപ നോൺ കൺസഷണൽ വായ്പയുമാണ്.<br>വികസനയ നയവായ്പയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മൽസ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള |

| | | |
|---|---|---|
| | | പുനർനിർമാണ പദ്ധതികൾക്കാണ് തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ